പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1782 12.06.2019-ലെ മറുപടിക്ക്

## റോഡ് സുരക്ഷാ ഫണ്ട്

ചോദ്യം — ശ്രീ.സി. ദിവാകരൻ

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പോലീസ് വകുപ്പിന് നൽകിയ തുക<br>1. കരമന - കളിയിക്കാവിള റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനു വേണ്ടി 08.09.2016-ൽ 63,81,145/- രൂപ.<br>2. പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23.09.2016-ൽ 12,11,680/- രൂപ.<br>3. പോത്തൻകോട്, വെമ്പായം, പഴകുറ്റി, നെടുമങ്ങാട് റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 01.03.2017-ൽ 42,77,321/- രൂപ.<br>4. പൂജപ്പുര ജംഗ്ഷനിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും 13.04.2017-ൽ 13,92,087/- രൂപ.<br>5. പാറ്റൂർ ഐ ഹോസ്പിറ്റൽ ജംഗ്ഷനിൽ Cautionary Signal System സ്ഥാപിക്കുന്നതിനായി 22.01.2019-ൽ 50,000/- രൂപ.<br><br>പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക<br>കരമന - പ്രാവച്ചമ്പലം റോഡ് |

| | | | |
|---|---|---|---|
| | | | അപകടവിമുക്തമാക്കുന്നതിന് വേണ്ടി 01.03.2017-ൽ 25,00,000/- രൂപ.<br><br>ആരോഗ്യ വകുപ്പിന് നൽകിയ തുക<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമകെയർ സ്ഥാപിക്കുന്നതിനുവേണ്ടി 29.08.2017-ൽ 38,88,051/- രൂപ.<br><br>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ<br>വട്ടപ്പാറ, ചിറ്റാഴ അമ്പലനഗർ, പള്ളിവിള, കണക്കോട് എന്നിവിടങ്ങളിൽ റോഡ് സേഫ്റ്റി ബാരിയേഴ്സ്, ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 15.11.2018-ൽ 32,50,000/- രൂപ |
| (ബി) | റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിക്കുന്നതെന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ബി) | കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ അംഗീകാരത്തിനും റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്കും വിധേയമായി താഴെ ചേർത്തിരിക്കുന്ന വിഭാഗത്തിൽപ്പെട്ട പദ്ധതികൾക്കാണ് തുക അനുവദിക്കുക.<br>a) റോഡ് സുരക്ഷ<br>b) ബോധവൽക്കരണം<br>c) റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ<br>d) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ<br>e) ട്രോമ-കെയർ |

**സെക്ഷൻ ഓഫീസർ**